# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370


## വാർത്താക്കുറിപ്പ്

**2023 നവംബർ 16**

---

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഗാന്ധി പ്രതിമ അനാച്ഛാദനം ചെയ്തു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനു മുന്നിൽ സ്ഥാപിച്ച ഗാന്ധിജിയുടെ പൂർണകായ പ്രതിമ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അനാച്ഛാദനം ചെയ്തു. സർവകലാശാലയുടെ നാൽപ്പതാം വാർഷികത്തോടനുബന്ധിച്ചാണ് പ്രതിമ നിർമിച്ചത്.

ശിൽപ്പി തോമസ് ജോസഫിനെ സിൻഡിക്കേറ്റ് അംഗം ജോബ് മൈക്കിൾ എം.എൽ.എ ആദരിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, ഡോ. എ. ജോസ് എന്നിവർ സംസാരിച്ചു. സിൻഡിക്കേറ്റിലെ മറ്റ് അംഗങ്ങൾ, രജിസ്ട്രാർ ബി. പ്രകാശ് കുമാർ, സംഘടനാ പ്രതിനിധികൾ, വകുപ്പ് മേധാവികൾ, ജീവനക്കാർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻറ് ഡവലപ്മെൻറൽ സ്റ്റഡീസിലെ വിദ്യാർഥികൾ ഗാന്ധി ഭജൻ ആലപിച്ചു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൻറെ പ്രവേശന കവാടത്തിനു സമീപമാണ് ഏഴടി ഉയരമുള്ള സിമൻറ് പ്രതിമ സ്ഥാപിച്ചിരിക്കുന്നത്. പ്ലാറ്റ്ഫോം ഉൾപ്പെടെ 13 അടിയാണ് ഉയരം. കയ്യിൽ പുസ്തകവുമേന്തി ഗാന്ധി നടന്നു നീങ്ങുന്ന രീതിയിലാണ് രൂപകൽപ്പന.

**ഫോട്ടോ ക്യാപ്ഷൻ...**

എം.ജി. സർവകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനു മുന്നിൽ സ്ഥാപിച്ച മഹാത്മാ ഗാന്ധിയുടെ പ്രതിമ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അനാച്ഛാദനം ചെയ്യുന്നു.സിൻഡിക്കേറ്റ് അംഗങ്ങളായ ജോബ് മൈക്കിൽ എം.എൽ.എ, ഡോ. ബാബു മൈക്കിൾ, ഡോ.എ. ജോസ് അഡ്വ. റെജി സക്കറിയ, ഡോ. എസ്. ഷാജില ബീവി, ഡോ. ആർ. അനിത, ഫിനാൻസ് ഓഫീസർ ബിജു മാത്യു, പരീക്ഷാ കൺട്രോളർ സി.എം. ശ്രീജിത്ത് എന്നിവർ സമീപം.

(പി.ആർ.ഒ/39/1361/2023)

## *അംഗീകാരപത്രം മന്ത്രി വി.എൻ. വാസവൻ ഇന്ന് കൈമാറും*

## **സ്വകാര്യ വ്യവസായ സ്ഥാപനത്തിൽ സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രം**

സാമ്പത്തിക, സാമൂഹ്യ വികസനത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ വ്യവസായങ്ങളും സർക്കാരും കൈകോർക്കുന്ന ട്രിപ്പിൾ ഹെലിക്സ് സംവിധാനത്തിലേക്ക് മഹാത്മാ ഗാന്ധി സർവകലാശാലാ ചുവടുവയ്ക്കുന്നു. ഇതിൻറെ ഭാഗമായി കോട്ടയം പൂവന്തുരുത്തിലെ സ്വകാര്യ ബയോസയൻസ് കമ്പനിയായ ആബ്ടെക്കിൻറെ ഗവേഷണ കേന്ദ്രത്തെ സർവകലാശാലയുടെ അംഗീകൃത കേന്ദ്രമാക്കും.

ഇന്ന്(നവംബർ 17) ഉച്ചയ്ക്ക് 12ന് സർവകലാശാലയിൽ നടക്കുന്ന ചടങ്ങിൽ സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ അംഗീകാര പത്രം കമ്പനിക്ക് കൈമാറും. സിൻഡിക്കേറ്റ് അംഗം ഡോ. ബി. കേരളവർമ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ രജിസ്ട്രാർ ബി. പ്രകാശ് കുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ റെജി സക്കറിയ, പി ഹരികൃഷ്ണൻ, അബ്ടെക്ക് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കെ.ജെ. ജേക്കബ് തുടങ്ങിയവർ പങ്കെടുക്കും.

സർവകലാശാലയിലെ ഗവേഷണ കണ്ടെത്തലുകളെ ഉത്പന്നങ്ങളായി വിപണിയിലെത്തിക്കുന്നതിനും വിപണിയുടെ ആവശ്യം മനസിലാക്കി ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ ഗവേഷണങ്ങൾ നടത്തുന്നതിനും ഈ സംവിധാനം ഉപകരിക്കും.

പ്രകൃതിക്കും ജീവജാലങ്ങൾക്കും ദോഷകരമല്ലാത്തതും ഉത്പാനദക്ഷമത ഉറപ്പാക്കുന്നതുമായ ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും നിർമാണവും വിപണവും നടത്തുന്ന അബ്ടെക് ഈ മേഖലയിൽനൂതന സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനും മുൻഗണന നൽകിവരുന്നു. വിവിധ ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ മഹാത്മാ ഗാന്ധി സർവകലാശാലയുമായി കമ്പനി സഹകരിക്കുന്നുണ്ട്.

വിദ്യാഭ്യാസ-വ്യവസായ മേഖലകൾ തമ്മിലുള്ള അകലം കുറയ്ക്കുന്നതിൽ നിർണായകമാകുന്ന സഹകരണമാണിതെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. ആബ്ടെക്കിലെ ഗവേഷണ കേന്ദ്രത്തിൽ സർവകലാശാലയിലെ പി.എച്ച്.ഡി വിദ്യാർഥികൾക്ക് ഗവേഷണത്തിനും ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് പരിശീലനത്തിനും സൗകര്യമുണ്ടാകും. സർവകലാശാലയിലെ വിവിധ വകുപ്പുകളിലെ ഗവേഷണ ഫലങ്ങളെ ഉത്പന്നങ്ങളും സംരംഭങ്ങളുമാക്കി മാറ്റുന്നതിനും അബ്ടെക്കിൻറെ പിന്തുണ ലഭിക്കും.

സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രമാകുന്നതോടെ കൂടുതൽ ഫലപ്രദവും വിപണി മൂല്യമുള്ളതുമായ ഉത്പന്നങ്ങൾ വികസിപ്പിക്കാൻ സാധിക്കുമെന്ന് അബ്ടെക് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കെ.ജെ. ജേക്കബ് പറഞ്ഞു.

(പി.ആർ.ഒ/39/1362/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഡിസംബർ നാലിന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.എച്ച്.എം(2020 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് നവംബർ 23 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

നവംബർ 24ന് പിഴയോടു കൂടിയും 25ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

.....................

ഏഴാം സെമസ്റ്റർ ബി.എച്ച്.എം(2015 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് – പഴയ സ്കീം) പരീക്ഷകൾക്ക് നവംബർ 28 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

നവംബർ 29ന് പിഴയോടു കൂടിയും 30ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1363/2023)

## പരീക്ഷാ ഫലം

മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ഐ.എം.സി.എ(2019 അഡ്മിഷൻ റഗുലർ, 2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി), ഡി.ഡി.എം.സി.എ 2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 30 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

...................................

മെയ് മാസം നടത്തിയ അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി(ഓണേഴ്സ് – 2019 അഡ്മിഷൻ റഗുലർ, 2018 അഡ്മിഷൻ സപ്ലിമെൻററി), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ എൽ.എൽ.ബി(ഓണേഴ്സ് – 2015 മുതൽ 2017 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ 2018,2019 അഡ്മിഷൻ വിദ്യാർഥികൾ നിശ്ചിത ഫീസ് അടച്ച് ഓൺലൈനിലും 2015 മുതൽ 2017 വരെയുള്ള അഡ്മിഷൻ വിദ്യാർഥികൾ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും സമർപ്പിക്കാം. അവസാന തീയതി ഡിസംബർ ഒന്ന്.

(പി.ആർ.ഒ/39/1364/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**